**Deepika**

**30 August 2018**

**Thiruvannathapuram;  After flood, Flood Relief Actions**



## പ്രളയ ദുരിതാശ്വാസം: കസ്റ്റംസ് ഇളവ് കളക്ടർക്ക് അയയ്ക്കുന്ന സാധനങ്ങൾക്കു മാത്രം

**സാധനങ്ങൾ സ്വീകരിച്ച് ആറു മാസത്തിനുള്ളിൽ അയച്ചയാൾ ജില്ലാ ഭരണകൂടത്തിൽനിന്നുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കസ്റ്റംസ് ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണ്**

**തിരുവനന്തപുരം:** പ്രളയബാധിത പ്രദേശങ്ങളിലേക്കുള്ള സഹായമായി വിദേശത്തുനിന്നും മറ്റും വ്യോമമാർഗം അയയ്ക്കുന്ന സാധനങ്ങൾ സംസ്ഥാന സർക്കാരിനു വേണ്ടി കൈപ്പറ്റുന്നതിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലാ കളക്ടർമാരെ സർക്കാർ ചുമതലപ്പെടുത്തി. ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ കൈപ്പറ്റുന്ന സാധനങ്ങൾക്കേ കസ്റ്റംസ് ഡ്യൂട്ടി ഇളവ് ലഭിക്കൂ.

പ്രളയദുരിതാശ്വാസത്തിനായി സാധനങ്ങൾ അയയ്ക്കുന്നവർ കസ്റ്റംസ് നിയമങ്ങളും നടപടിക്രമങ്ങളും അനുസരിച്ച് താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ ഡോ. കെ. വാസുകി അറിയിച്ചു. പ്രളയബാധിതപ്രദേശങ്ങളിൽ ദുരിതബാധിതരായ ജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള സാധനങ്ങളാണ് അയയ്ക്കുന്നതെന്നും ഇത് ജില്ലാ ഭരണകൂടത്തിന് കൈമാറാൻ സന്നദ്ധമാണെന്നും അറിയിച്ച് അയയ്ക്കുന്നയാൾ നിശ്ചിതമാതൃകയിലുള്ള സാക്ഷ്യപത്രവും അപേക്ഷയും നൽകണം.

അയയ്ക്കുന്നത് സർക്കാരിതര സ്ഥാപനമെങ്കിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പും വ്യക്തിയെങ്കിൽ തിരിച്ചറിയൽ കാർഡിന്റെ പകർപ്പും എയർവേബില്ലിന്റെ പകർപ്പും നൽകണം. ഡെപ്യൂട്ടി കളക്ടർ (ദുരന്തനിവാരണം), കളക്ടറേറ്റ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് തിരുവനന്തപുരം എന്ന വിലാസത്തിലാണ് രേഖകൾ നൽകേണ്ടത്. വിശദവിവരത്തിന് ഫോൺ: 8547610015.

ഇറക്കുമതി സാധനങ്ങൾക്ക് കളക്ടറേറ്റിൽനിന്ന് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകും. ഈ സർട്ടിഫിക്കറ്റ് ഉപയോഗിച്ച് കാർഗോ ഏരിയയിൽനിന്ന് സാധനങ്ങൾ കൈപ്പറ്റി ജില്ലാ ഭരണകൂടത്തെ ഏൽപ്പിക്കണം. കാർഗോ ഏരിയയിൽനിന്ന് കൈപ്പറ്റുന്ന സാധനങ്ങളടങ്ങിയ ലോഡ് പോലീസിന്റെ സാന്നിധ്യത്തിലാണ് ജില്ലാ ഭരണകൂടത്തിന് കൈമാറുക. പോലീസ് ലോഡിനെ അനുഗമിക്കും. അനുഗമിക്കുന്ന പോലീസ് ഉദ്യോഗസ്ഥന്റെ പക്കൽ ഇതിന്റെ രേഖകളുണ്ടായിരിക്കും. ജില്ലാഭരണകൂടം സാധനങ്ങൾ സ്വീകരിച്ചതിനുശേഷം രസീത് ഉടൻ ലോഡിനൊപ്പമുള്ള പോലീസ് ഉദ്യോഗസ്ഥനെ ഏൽപ്പിക്കും.

അയയ്ക്കുന്ന ആൾക്ക് എവിടെയാണ് വിതരണം ചെയ്യേണ്ടത് എന്ന് നിർദേശിക്കാമെങ്കിലും ആവശ്യകത അനുസരിച്ച് എവിടെയാണ് സാധനങ്ങൾ വിതരണം ചെയ്യേണ്ടത് എന്ന അന്തിമ തീരുമാനം ജില്ലാ ഭരണകൂടത്തിൽ നിക്ഷിപ്തമായിക്കും. സാധനങ്ങൾ അയയ്ക്കുന്നയാൾക്ക് തിരുവനന്തപുരത്ത് നിന്ന് ഏതു ജില്ലയിലേക്കാണോ ലോഡ് പോകുന്നത് അതിനെ അനുഗമിക്കാവുന്നതും വിതരണ സമയത്ത് ചുമതലപ്പെട്ട ജില്ലാ ഉദ്യോഗസ്ഥന്റെ അനുമതിയോടെ സന്നിഹിതനാകാവുന്നതുമാണ്.

സാധനങ്ങൾ സ്വീകരിച്ച് ആറു മാസത്തിനുള്ളിൽ അയച്ചയാൾ ജില്ലാ ഭരണകൂടത്തിൽനിന്നുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കസ്റ്റംസ് ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണ്.

നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രവും വിശദവിവരവും കളക്ടറേറ്റിലും ജില്ലാ കളക്ടറുടെ www.face book.co m/collector-tvpm എന്ന ഫേസ്ബുക്ക് പേജിലും ലഭിക്കും.